"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-ആഫ്റ്റർ കെയർ പ്രോഗ്രാം-തടവുശിക്ഷ അനുഭവിച്ച വരുന്ന തടവുകാരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം 2020-21 സാമ്പത്തിക വർഷത്തിൽ പ്രൊബേഷൻ സേവനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചിലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമഹ്യനീതി(ബി) വകുപ്പ്

സ.ഉ.(സാധാ) നം.260/2020/സാ.നീ.വ തീയതി,തിരുവനന്തപുരം, 20/06/2020

പരാമർശം:- 1 സാമൂഹ്യനീതി ഡയറക്ടറുടെ 03.03.2020 ലെ സി1-953/2020-സാനീവ നമ്പർ കത്ത്

2 13.05.2020 ലെ ഒന്നാം വകുപ്പുതല വർക്കിംഗ് ഗ്രൂപ്പുയോഗത്തിൻെറ തീരുമാനം

OFFICE OF THE DIRECTOR OF SOCIAL JUSTICE TRIVANDRUM 23 JUN 2020

ഉത്തരവ്

സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സേവനങ്ങളുടെ ഭാഗമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്നും, തടവുശിക്ഷ അനുഭവിക്കുന്നവരുടെ പെൺമക്കളുടെ സാമൂഹിക സാമ്പത്തിക ചുറ്റുപാടുകളിലെ ശോചനീയാവസ്ഥ ഇവരുടെ വിവാഹത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും, നിലവിൽ തടവുകാരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിൽ രണ്ട് വർഷമോ അതിലധികമോ ജയിലിൽ തടവുശിക്ഷ അനുഭവിച്ച വരുന്ന തടവുകാരുടെ പെൺമക്കൾക്ക് ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ പ്രകാരം വിവാഹ ധനസഹായം അനുവദിക്കാവുന്നതാണെന്നും, ഒരു പെൺകുട്ടിയ്ക്ക് പരമാവധി 30000/- രൂപാ നിരക്കിൽ 20 പേർക്ക് ആകെ 600000/- രൂപ (ആറ് ലക്ഷം രൂപാ മാത്രം) 2020-21 സാമ്പത്തിക വർഷത്തിൽ പ്രൊബേഷൻ സേവനങ്ങൾക്കായി 2235-02-106-93 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2 5 0 ലക്ഷം രൂപയിൽ നിന്നും ചിലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

നിബന്ധനകൾ

1. വിവാഹം നടന്ന പെൺകുട്ടിയുടെ പിതാവ്/മാതാവ് അല്ലെങ്കിൽ രണ്ടു പേരുമോ രണ്ട് വർഷമോ അതിലധികമോ ജയിലിൽ തടവുശിക്ഷ അനുഭവിച്ച വരുന്നവർ ആയിരിക്കണം.

2. ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം. (റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കണം).

3. ജയിൽ അന്തേവാസിയുടേയും പെൺകുട്ടിയുടേയും പേരുകൾ ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ പെൺകുട്ടി തടവുശിക്ഷ അനുഭവിക്കുന്ന വ്യക്തിയുടെ മകൻ ആണെന്ന് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം.

4. വിവാഹം കഴിഞ്ഞ് ആറുമാസത്തിനു ശേഷം ഒരു വർഷത്തിനകം ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം.

5. അപേക്ഷയോടൊപ്പം വിവാഹ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിരിക്കണം.

6. അപേക്ഷയോടൊപ്പം നിലവിൽ ദമ്പതികൾ ഒന്നിച്ച് താമസിച്ചുവരുന്നതായി ബന്ധപ്പെട്ട ജനപ്രതിനിധിയുടെ (വാർഡ് മെമ്പർ/കൗൺസിലർ) സാക്ഷ്യപത്രം ഹാജരാക്കണം.

7. വിവാഹ ധനസഹായം ഒരിക്കൽ അനുവദിച്ചുകഴിഞ്ഞാൽ ഏതെങ്കിലും കാരണവശാൽ നിലവിലുള്ള വിവാഹബന്ധം വേർപെടുത്തി പുനർവിവാഹം കഴിക്കുകയാണെങ്കിൽ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**അപേക്ഷ സ്വീകരിക്കൽ**

1. അതാത് ജയിൽ സൂപ്രണ്ടുമാർ/പ്രൊബേഷൻ ഓഫീസർമാർ മുഖേനയാണ് നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടത്.

2. ജയിൽ സൂപ്രണ്ടുമാർ മുഖേന ലഭിക്കുന്ന അപേക്ഷകളിന്മേൽ അതാത് പ്രൊബേഷൻ ഓഫീസർമാരുടെ റിപ്പോർട്ട് ലഭ്യമാക്കിയ ശേഷം മാത്രമായിരിക്കും ധനസഹായം അനുവദിക്കൽ.

3. പ്രൊബേഷണർ ഓഫീസർമാർ മുഖേന ലഭ്യമാകുന്ന അപേക്ഷയിൽ അതാത് ജയിൽ സൂപ്രണ്ടുമാരുടെ സാക്ഷ്യപത്രം ഉണ്ടായിരിക്കേണ്ടതാണ്.

4. ഒരു കുടുംബത്തിൽ നിന്നും പരമാവധി രണ്ട് പെൺകുട്ടികൾക്ക് വിവാഹധനസഹായം അനുവദിക്കാവുന്നതാണ്.

**അപേക്ഷയിൻമേലുള്ള തുടർനടപടി**

1. ജയിൽ സൂപ്രണ്ടുമാർ/പ്രൊബേഷൻ ഓഫീസർമാർ അപേക്ഷകൾ പരിഗണിച്ച് ശുപാർശ സഹിതം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

2. ധനസഹായം ആർക്ക് നൽകണം എന്നുള്ളത് (മാതാവ്/പിതാവ്/മകൾ) അതാത് പ്രൊബേഷൻ ഓഫീസർമാരുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തീരുമാനിക്കുന്നതാണ്.

3. ധനസഹായം ഒറ്റത്തവണയായി അർഹതപ്പെട്ട വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.

(2)13.05.2020 ലെ ഒന്നാം വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശുപാർശ

അംഗീകരിച്ചിട്ടുണ്ട്.

(3) മേൽ സാഹചര്യത്തിൽ, നിലവിൽ രണ്ട് വർഷമോ അതിലധികമോ ജയിലിൽ തടവുശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഒരു പെൺകുട്ടിയ്ക്ക് പരമാവധി 30000/- രൂപാ നിരക്കിൽ 20 പേർക്ക് ആകെ 600000/- രൂപ (ആറ് ലക്ഷം രൂപാ മാത്രം) 2020-21 സാമ്പത്തിക വർഷത്തിൽ പ്രൊബേഷൻ സേവനങ്ങൾക്കായി 2235-02-106-93 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 250 ലക്ഷം രൂപയിൽ നിന്നും ചിലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
**സെക്രട്ടറി**

വകർപ്പ്

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

സാമൂഹ്യനീതി (എ) വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ